പോലീസ് സേന ഉപയോഗിക്കുന്ന ആയുധങ്ങളും വാർത്താവിനിമയ സംവിധാനങ്ങളും

52 [3431] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേന ഇപ്പോൾ ഉപയോഗിച്ചുവരുന്ന ആയുധങ്ങളേയും വാർത്താവിനിമയ സംവിധാനങ്ങളേയും കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഇപ്പോൾ പോലീസ് ഉപയോഗിക്കുന്ന ആയുധങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും ഇന്നത്തെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളിൽ സംസ്ഥാനത്തുള്ളവരെ കൂടാതെ അന്തർ സംസ്ഥാന കുറ്റവാളികളും ഉൾപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ക്രമസമാധാനപാലനത്തിന് നിയോഗിക്കപ്പെടുന്ന ചില പോലീസ് ഓഫീസർമാർ സീരിയൽ അഭിനയത്തിനും മറ്റും കൂടുതൽ പ്രാധാന്യം നല്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ക്രമസമാധാനപാലനത്തിന് ഉതകുന്ന ഓഫീസർമാരെ ആ മേഖലയിൽ നിയോഗിക്കാനും ആയുധങ്ങളും വാർത്താവിനിമയ സംവിധാനങ്ങളും പരിഷ്കരിക്കാനും ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേന ഉപയോഗിച്ചുവരുന്ന ആയുധങ്ങളും വാർത്താവിനിമയ സംവിധാനങ്ങളും യഥാസമയങ്ങളിൽ പരിശോധന നടത്തിവരുന്നുണ്ട്.

(ബി) പോലീസ് സേനയിൽ ഉപയോഗിച്ചുവരുന്ന ആയുധങ്ങൾ ഇന്നത്തെ സാഹചര്യങ്ങൾക്ക് അനുയോജ്യമാണ്. എന്നാൽ വാർത്താവിനിമയ ഉപകരണങ്ങളിലും ആയുധങ്ങളിലും കാലാനുസൃതവും, സാങ്കേതിക രംഗത്തുണ്ടായിവരുന്ന വളർച്ചയ്ക്ക് അനുസരണവുമായ മാറ്റങ്ങൾ വരുത്തേണ്ടതായുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുറ്റങ്ങളുടെയും, അതു നിർവഹിച്ച രീതിയുടേയും, സംശയിക്കുന്ന കുറ്റവാളികളുടെ അന്തർ സംസ്ഥാന ബന്ധങ്ങളും വിലയിരുത്തി, ഫിംഗർ പ്രിന്റ് ബ്യൂറോ, ഡോഗ് സ്കാഡ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തി അന്തർ സംസ്ഥാന പോലീസുമായി സഹകരിച്ച് അവരുടെ നീക്കങ്ങൾ നിരീക്ഷിച്ച് കുറ്റവാളികളെ നിയമത്തിൻ കീഴിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഇ) ടെലിവിഷൻ സീരിയലുകളിലും, സിനിമയിലും അഭിനയിക്കുന്നതിന് അനുവാദം നൽകുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് യാതൊരു തടസ്സവും ഉണ്ടാകരുത് എന്ന നിബന്ധനയോടെയാണ്.

(എഫ്) ക്രമസമാധാനപാലന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ആവശ്യമായ ആധുനിക സാമഗ്രികളും, വേഗത കൂടിയ വാഹനങ്ങളും വാങ്ങി ഉപയോഗിക്കുന്നതിന് വേണ്ട നടപടികൾ, മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം, XI-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുടങ്ങിയ കേന്ദ്ര സഹായത്തോടുകൂടിയുള്ള സ്കീമുകൾ വഴി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. ആധുനിക വാർത്താവിനിമയത്തിനു വേണ്ടിയുള്ള ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പോലീസ് സ്റ്റേഷനുകളിൽ കംപ്യൂട്ടർ സഹായത്തോടുകൂടിയുള്ള ഇ-പോർട്ടൽ സംവിധാനം ഏർപ്പെടുത്തി, ഇതുവഴി ജനങ്ങൾക്ക് പരാതികൾ ഉടൻ തന്നെ ഇ-മെയിൽ വഴി പോലീസിനെ അറിയിക്കുന്നതിന് കഴിയും, എഫ്. എസ്. എൽ., എഫ്. പി. ബി. എന്നിവയിൽ ആധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഇതുമൂലം കേസ് അന്വേഷണം ത്വരിതപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

രാഷ്ട്രീയ സംഘട്ടനങ്ങൾ

53 [3432] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ സംസ്ഥാനത്ത് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത സംഭവങ്ങളിൽ മരിച്ചവർ എത്ര, പരിക്കേറ്റവർ എത്ര എന്ന് രാഷ്ട്രീയ പാർട്ടി അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly